Draft #13 of File 34646/P&D 3/2/2019/P&D 3 Approved by ASSISTANT REGISTRAR III (ADMIN) on 21-Oct-2019 02:43 PM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM

विद्यया अमृतमश्नुते

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

03.10.2019 , 04.00 pmന് പ്രോ വൈസ് ചാൻസലറുടെ അദ്ധ്യക്ഷതയിൽ മിനി കോൺഫറൻസ് ഹാളിൽ നടന്ന റൂസ അവലോകന സമിതി യോഗത്തിന്റെ നടപടിക്കുറിപ്പുകൾ – അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു .

---

**പ്ലാനിംഗ് & ഡവലപ്മെന്റ് 3**

നമ്പർ. 5077/P&D 3/2019/എം.ജി.യു    പ്രിയദർശിനി ഹിൽസ്,തീയതി: 22.10.2019

---

പരാമർശം:-03.10.2019, 04.00 pm ന് പ്രോ വൈസ് ചാൻസലറുടെ അധ്യക്ഷതയിൽ മിനി കോൺഫറൻസ് ഹാളിൽ നടന്ന റൂസ അവലോകന സമിതി യോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**ഉത്തരവ്**

പരാമർശം പ്രകാരം സർവകലാശാലയിൽ പൂർത്തിയായികഴിഞ്ഞ റൂസയുടെ ഒന്നാം ഘട്ട പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും രണ്ടാം ഘട്ട പ്രവർത്തനങ്ങൾ സംബന്ധിച്ച തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനും റൂസ അവലോകന സമിതിയുടെ യോഗം 03.10.2019, 04.00 pm ന് പ്രോ വൈസ് ചാൻസലറുടെ അധ്യക്ഷതയിൽ ചേരുകയുണ്ടായി . പ്രസ്തുത യോഗത്തിൽ താഴെ പറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു :

1 ) ഒന്നാം ഘട്ട പദ്ധതിക്കായി ലഭിച്ച ഫണ്ടിന്റെ പലിശയുടെ വിനിയോഗം സംബന്ധിച്ച വ്യക്തത തേടുവാനും നിലവിൽ നടന്നു വരുന്ന സ്റ്റുഡൻറ് അപ്രെന്റിസ് ആൻഡ് ഇൻക്യൂബേഷൻ സെന്റർ പദ്ധതിയുടെ രൂപരേഖയും ഇതുവരെയുള്ള ചെലവുകളും അന്തിമമായി നൽകേണ്ട തുകയും ലക്ഷ്യവും ഉൾപ്പെടുത്തി റൂസയ്ക്ക് വിശദമായ കത്ത് നൽകുവാനും തീരുമാനിച്ചു.

2 ) റിസേർച് ആൻഡ് ഇന്നോവേഷൻ പദ്ധതികൾ കൃത്യമായി നടപ്പാക്കുന്നതിന്റെ ഭാഗമായി സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ കമ്പനി രജിസ്ട്രേഷൻ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിനും രജിസ്ട്രേഷൻ പൂർത്തിയാക്കുന്ന മുറക്ക് രണ്ടാം ഘട്ടത്തിലേക്കായി റൂസയിൽ നിന്നും ലഭിച്ച ആദ്യ ഗഡു തുക കമ്പനി അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതിനും തീരുമാനിച്ചു.

3 ) റൂസ രണ്ടാം ഘട്ട പദ്ധതിയുടെ ഭാഗമായി നിലവിൽ സമർപ്പിച്ചിട്ടുള്ള പ്രൊജെക്ടുകൾ റൂസയിൽ നിന്നും നിഷ്കർഷിച്ചപ്രകാരമുള്ള മാതൃകയിൽ തയ്യാറാക്കി ഒക്ടോബർ 15നു മുൻപ് സർവകലാശാലയുടെ പരിഗണനക്കായി സമർപ്പിക്കേണ്ടതാണെന്നും തീരുമാനിച്ചു.

യോഗം കൈക്കൊണ്ട തീരുമാനങ്ങൾ ബഹു: വൈസ് ചാൻസലർ അംഗീകരിച്ചു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

പ്രദീപ് ആർ

അസിസ്റ്റന്റ് രജിസ്ട്രാർ 3 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

1. വി.സി / പി.വി.സി എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
2. രജിസ്ട്രാർ / ഫിനാൻസ് ഓഫീസർ എന്നിവരുടെ പേർസണൽ അസ്സിസ്റ്റന്റുമാർ
3. ഡോ.ജയചന്ദ്രൻ. കെ , എസ് എസ് സി , ധനകാര്യം
4. ഡോ.റോബിനറ്റ് ജേക്കബ് , ഡയറക്ടർ, എസ് .ടി .എസ്
5. ശ്രീ.ശിശാന്ത് കെ എസ് , റിസേർച് സ്കോളർ, IIUCNN
6. ഡോ. ബീന മാത്യു , വകുപ്പ് മേധാവി, SCS
7. ഡോ. ജിഷ എം എസ് , പ്രൊഫസർ , SBS
8. ഡോ. ഹരികുമാരൻ നായർ.ആർ , അസ്സോസിയേറ്റ് പ്രൊഫസർ,SBS
9. ഡോ.രാധാകൃഷ്ണൻ ഇ കെ , അസിസ്റ്റന്റ് പ്രൊഫസർ , SBS
10. ഡോ.സൈലസ് വി പി , അസിസ്റ്റന്റ് പ്രൊഫസർ, SES
11. ജോയിന്റ് രജിസ്ട്രാർ III (ഭരണ വിഭാഗം )
12. ശ്രീ. ജോസ് വർഗീസ് , സർവകലാശാല എഞ്ചിനീയർ
13. ഫിനാൻസ് I , IV /ഓഡിറ്റ് I , V , IQAC
14. എ സി സി സെക്ഷൻ /എ ഡി ഡി സെക്ഷൻ
15. ജോയിന്റ് ഡയറക്ടർ , കെ എസ് എ ഡി / അക്കൗണ്ട്സ് V
16. റെക്കോർഡ്സ് സെക്ഷൻ
17. സി . എം . എസ് / എസ് .എഫ്/ എഫ്. സി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #13 of File 34646/P&D 3/2/2019/P&D 3 Approved by ASSISTANT REGISTRAR III (ADMIN) on 21-Oct-2019 02:43 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം